19-12-2021

SUNDAY ഞായറാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ



## FARM INFORMATION BUREAU


AGRICULTURE DEVELOPMENT AND FARMER'S WELFARE DEPARTMENT

GOVERNMENT OF KERALA

Chief Editor : George Sebastian Editor : Dr Asha T T



Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS) -19/12/2021

1. കർഷകക്ഷേമനിധി ബോർഡിൽ അംഗത്വമെടുക്കാൻ കർഷകർക്ക് http://kfwfb.kerala.gov.in എന്ന വെബ് പോർട്ടൽ വഴി അപേക്ഷിക്കാം. പതിനെട്ടിനും 55-നും ഇടയിൽ പ്രായമുള്ള, മൂന്നു വർഷത്തിൽ കുറയാതെ കൃഷി പ്രധാന ഉപജീവനമാർഗമായി സ്വീകരിക്കുകയും മറ്റേതെങ്കിലും ക്ഷേമനിധിയിൽ അംഗമല്ലാത്തവരുമായ കർഷകർക്ക് ഈ പദ്ധതിയിൽ അംഗമാകാം. 100 രൂപ രജിസ്ട്രേഷൻ ഫീസടച്ച് അപേക്ഷിക്കണം. അഞ്ച് സെന്റിൽ കുറയാതെയും 15 ഏക്കറിൽ കവിയാതെയും ഭൂമി കൈവശമുള്ള, അഞ്ചു ലക്ഷം രൂപയിൽ താഴെ വാർഷിക വരുമാനമുള്ളവരാകണം അപേക്ഷകർ. ഉദ്യാനകൃഷി, ഔഷധ സസ്യക്കൃഷി, നടീൽ വസ്തുക്കളുടെ ഉത്പാദനവും വിൽപനയും, ഇടവിളകളുടെയും വൃക്ഷങ്ങളുടെയും പരിപാലനം, പച്ചക്കറി വിളകൾ, തീറ്റപ്പുൽകൃഷി എന്നിവയിൽ ഏർപ്പെട്ടിരിക്കുന്നവർക്കും മത്സ്യം, അലങ്കാരമത്സ്യം, തേനീച്ച, പട്ടുനൂൽപ്പുഴു, കോഴി, താറാവ്, ആട്, മുയൽ, കന്നുകാലി ഉൾപ്പെടെയുള്ളവയെ പരിപാലിക്കുന്നവർക്കും അപേക്ഷിക്കാം. കുറഞ്ഞത് അഞ്ചു വർഷം അംശാദായം കുടിശ്ശികയില്ലാതെ അടച്ചശേഷം മരണമടയുന്നവരുടെ കുടുംബത്തിന് കുടുംബ പെൻഷൻ ലഭിക്കും.

2. പ്രധാനമന്ത്രി വിള ഇൻഷുറൻസ് പദ്ധതിയിലും കാലാവസ്ഥാധിഷ്ഠിത വിള ഇൻഷുറൻസ് പദ്ധതിയിലും റാബി 2021 സീസണിൽ കർഷകർക്ക് രജിസ്റ്റർ ചെയ്യേണ്ട അവസാന തീയതി ഡിസംബർ 31 ആണ്. പ്രധാനമന്ത്രി വിള ഇൻഷുറൻസ് പദ്ധതിയിൽ ആലപ്പുഴ, കോട്ടയം, പത്തനംതിട്ട ജില്ലകളിലെ നെൽകൃഷിയും എല്ലാ ജില്ലകളിലേയും വാഴയും മരച്ചീനിയുമാണ് വിജ്ഞാപനം ചെയ്തിട്ടുള്ളത്. കാലാവസ്ഥാ വിള ഇൻഷുറൻസ് പദ്ധതിയിൽ നെല്ല്, വാഴ, കൈതച്ചക്ക, കരിമ്പ്, കാരറ്റ്, കാബേജ്, വെളുത്തുള്ളി, ഉരുളക്കിഴങ്ങ്, ബീൻസ്, കശുമാവ്, മാവ്, തക്കാളി, ചെറുധാന്യങ്ങൾ (ചോളം, റാഗി, തിന മുതലായവ), പച്ചക്കറികൾ (പയർ, പടവലം, പാവൽ, കുമ്പളം, മത്തൻ, വെള്ളരി, വെണ്ട, പച്ചമുളക്) എന്നീ വിളകളാണ് വിജ്ഞാപനം ചെയ്തിട്ടുള്ളത്. ആയതിനാൽ പദ്ധതികളിൽ ചേരാൻ ആഗ്രഹിക്കുന്ന കർഷകർ അവസാന തീയതിക്കുമുമ്പ് തന്നെ ഏറ്റവും അടുത്തുള്ള അക്ഷയ/സിഎസ്‌സി കേന്ദ്രങ്ങൾ, അംഗീകൃത മൈക്രോ ഇൻഷുറൻസ് ഏജന്റുകൾ എന്നിവരുമായി ബന്ധപ്പെടേണ്ടതാണ്.

അപേക്ഷയോടൊപ്പം നിശ്ചിത പ്രീമിയവും ആധാർ കാർഡ്, ബാങ്ക് പാസ്സ് ബുക്ക്, നികുതി/പാട്ടച്ചീട്ട് എന്നിവയുടെ കോപ്പികളും സമർപ്പിക്കേണ്ടതാണ്. കർഷകന് നേരിട്ട് ഓൺലൈനായും www.pmfby.gov.in എന്ന പോർട്ടൽ മുഖാന്തിരം ചേരാവുന്നതാണ്. വിജ്ഞാപിത വിളകൾക്ക് വായ്പ എടുത്തിട്ടുള്ള കർഷകരെ അതാത് ബാങ്കുകൾക്ക് ചേർക്കാവുന്നതാണ്. ഇതിനായി കർഷകർ പ്രത്യേകം അപേക്ഷാഫോറം സമർപ്പിക്കേണ്ടതില്ല. കൂടുതൽ വിവരങ്ങൾക്ക് ഏറ്റവും അടുത്തുള്ള കൃഷിഭവനുമായോ അഗ്രിക്കൾച്ചർ ഇൻഷുറൻസ് കമ്പനിയുടെ റീജിയണൽ ഓഫീസുമായോ 1800 -425-7062 എന്ന ടോൾ ഫ്രീ നമ്പരുമായോ ബന്ധപ്പെടേണ്ടതാണ്.

3. എറണാകുളം ജില്ലാ കൃഷി വിജ്ഞാന കേന്ദ്രം ജനുവരി ആദ്യ വാരത്തിൽ നടത്തുന്ന എള്ള് കർഷക സംഗമത്തിൽ ഭാഗമാകുവാൻ താല്പര്യമുള്ള കർഷകർ **8281757450** എന്ന നമ്പറിൽ പ്രവർത്തിദിനങ്ങളിൽ 10 നും 4 നും ഇടയിൽ വിളിച്ചു രജിസ്റ്റർ ചെയ്യേണ്ടതാണ്.

4. കേരള കാർഷിക സർവകലാശാലയുടെ കീഴിലുള്ള കമ്മ്യൂണിക്കേഷൻ സെന്ററിൽ പ്രവർത്തിച്ചു വരുന്ന ഭക്ഷ്യ സംസ്കരണശാലയിൽ പഴങ്ങളും പച്ചക്കറികളും സംസ്കരിച്ച് ഉപഭോക്താവിന്റെ ആവശ്യാനുസരണം വിവിധ മൂല്യവർദ്ധിത ഉൽപ്പന്നങ്ങളാക്കി നൽകുന്നു. പച്ചക്കറികൾ കൊണ്ടുള്ള കൊണ്ടാട്ടങ്ങൾ, പൊടികൾ, വിവിധ തരം അച്ചാറുകൾ, ജാം, പഴംഹൽവ തുടങ്ങിയ വിവിധങ്ങളായ മൂല്യവർദ്ധിത ഉൽപന്നങ്ങൾ ഇവിടെ തയ്യാറാക്കാൻ സാധിക്കും. കൂടുതൽ വിവരങ്ങൾക്ക് **0487 – 2370773, 8089173650** എന്നീ ഫോൺ നമ്പരുകളിലോ ccmannuthy@kau.in എന്ന മെയിലിലോ ബന്ധപ്പെടാവുന്നതാണ്.

**പരിശീലന പരിപാടികൾ**

5. ആലപ്പുഴ ജില്ലാ കൃഷി വിജ്ഞാന കേന്ദ്രം നടപ്പിലാക്കുന്ന കന്നുകാലി വികസന പദ്ധതിയുടെ ഭാഗമായി ശാസ്ത്രീയ ആട് വളർത്തൽ എന്ന വിഷയത്തിൽ 3 ദിവസം നീണ്ടു നിൽക്കുന്ന പരിശീലന പരിപാടി സംഘടിപ്പിക്കുന്നു. താത്പര്യമുള്ളവർ **0478-2449268, 2959268, 9447790268** എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെട്ട് ഡിസംബർ **21-.൨൦ തീയതിയ്ക്കു** മുൻപായി പേര് രജിസ്റ്റർ ചെയ്യേതാണ്. തിരഞ്ഞെടുക്കപ്പെട്ട 40 പേർക്കാണ് പരിശീലനം നൽകുന്നത്.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

6. കുടപ്പനക്കുന്ന് മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൽ വച്ച് നാളെയും മറ്റന്നാളുമായി (**20, 21**) **ഇറച്ചിക്കോഴി വളർത്തൽ, 22-ന് തീറ്റപ്പുൽകൃഷി** എന്നീ വിഷയങ്ങളിൽ പരിശീലനം സംഘടിപ്പിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് **0471-2732918** എന്ന നമ്പരിൽ ബന്ധപ്പെടുക.

## കാർഷിക നിർദ്ദേശങ്ങൾ

7. ചാലക്കുടിയിലെ ജനവാസ മേഖലകളിൽ കണ്ടുവരുന്ന പ്രാണികളെ ശേഖരിച്ച് കേരള കാർഷിക സർവ്വകലാശാലാ വിദഗ്ധസംഘം നടത്തിയ പരിശോധനയിൽ കാഞ്ഞിരപ്പള്ളി ഐ എച്ച് ഡി പി കോളനി പരിസരത്ത് നിന്നും നിരുപദ്രവകാരികളായ ബാർക്ക് ലൈസിനേയും മുനിപ്പാറ കോളനിയിൽ നിന്നും മാൻ ഈച്ചകളേയും കണ്ടെത്തി. പെൺ മാനീച്ചകൾ കന്നുകാലികളുടേയും മനുഷ്യരുടേയും വന്യമൃഗങ്ങളുടേയും രക്തം കുടിച്ച് ജീവിയ്ക്കുന്നവയാണ്. ഇവയുടെ കടി വേദനാജനകമാണ്. അലർജിയ്ക്ക് കാരണമാകാം. ചർമ്മത്തിൽ ചുവപ്പ് നിറത്തിലുള്ള തടിപ്പുകൾ, കുമിളകൾ, വീക്കം എന്നിവയുണ്ടാകും.

**മുൻകരുതലുകളും നിയന്ത്രണമാർഗങ്ങളും**

- അഴുക്കുചാലുകളിൽ കെട്ടികിടക്കുന്ന മാലിന്യങ്ങളും വെള്ളവും ശരിയായ രീതിയിൽ നീക്കം ചെയ്യുകയും വെള്ളക്കെട്ട് ഒഴിവാക്കുകയും ചെയ്യുന്നതിലൂടെ ഇവയുടെ പ്രജനനം കുറയ്ക്കാൻ കഴിയും.
- മുതിർന്ന ഈച്ചകളെ ആകർഷിച്ച് നിയന്ത്രിയ്ക്കുന്നതിനായി വീട്ടിനു ചുറ്റും നീല പശക്കെണികൾ സ്ഥാപിയ്ക്കാവുന്നതാണ്. ഇതിനായി തെളിഞ്ഞ നീല നിറത്തിൽ പെയിന്റ് ചെയ്തിട്ടുള്ള 6 ഇഞ്ച് വ്യാസമുള്ള ബക്കറ്റുകളിൽ പശ പുരട്ടി 3-4 അടി ഉയരത്തിൽ നാട്ടിയ കാലുകളിൽ കമഴ്ത്തി വെക്കുക. കെണിയുടെ ചലനം, നിറം, വലിപ്പം തുടങ്ങിയവ ഈച്ചകളെ ആകർഷിക്കുമെന്നതിനാൽ ഇത്തരം കെണികൾ വളരെ ഫലപ്രദമാണ്. ബക്കറ്റിനുപകരം തെളിഞ്ഞ നീല നിറത്തിൽ പെയിന്റ് ചെയ്തിട്ടുള്ള പ്ലാസ്റ്റിക് പന്തുകളും ഉപയോഗിയ്ക്കാവുന്നതാണ്.